**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2866** **10-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാനയുടെ ആക്രമണം തടയുന്നതിനായി ആറളം ഫാമിൽ ആനമതിൽ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാനയുടെ ആക്രമണം തടയുന്നതിനായി ആറളം ഫാമിൽ ആനമതിൽ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | (എ) | ആറളം വന്യജീവി സങ്കേതവും, ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലെപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം.) ന്റെ കീഴിലുള്ള ആറളം പുനരധിവാസ മേഖലയിൽ വളയംചാൽ മുതൽ പൊട്ടിച്ചപ്പാറവരെ 10.5 കി.മീ. ദൂരത്തിൽ ടി.ആർ.ഡി.എം. ആണ് ആനമതിൽ നിർമ്മാണം നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് ടി പ്രവർത്തി നടപ്പിലാക്കുന്നത്. ആനമതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും പുരോഗതി വിലയരുത്തുന്നതും ടി.ആർ.ഡി.എം./പട്ടികവർഗ്ഗ വികസന വകുപ്പ് ആണ്. ആറളം ഫാമിൽ 10.50 കി.മീ ആനമതിൽ നിർമ്മാണത്തിന് കരാർ നടപ്പിലാക്കി 24/07/2023 തീയതിയിൽ കരാറുകാരന് സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിച്ചു. ഇതുവരെ ഏകദേശം നാല് കി.മീ. ദൂരത്തിൽ ആനപ്രതിരോധ മതിലിന്റെ പണി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 6.5 കി.മീ. വരുന്ന മതിലിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് / ടി.ആർ.ഡി.എം. വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ മതിൽ പൂർത്തിയാക്കുന്നത് വരെ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ അനെർട്ട് വഴി അടിയന്തിരമായി ഹാഗിംങ്ങ് ഫെൻസിംഗ് സ്ഥാപിക്കാനും സോളാർ ഫെൻസ് സ്ഥാപിക്കാനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള സർവ്വകക്ഷി യോഗത്തിൽ ഈ ജോലിക്കായി വനം വകുപ്പ് ഒരു മാതൃകാ അടങ്കൽ തയ്യാറാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.<br><br>നിലവിൽ കണ്ണൂർ, ആറളം ഡിവിഷനുകളിലെ വനം വകുപ്പ് ജീവനക്കാർ സന്നദ്ധസേവനത്തിലൂടെ, ആനമതിൽ നിർമ്മാണം ഇനിയും പൂർത്തിയാകാത്ത പ്രദേശങ്ങളിൽ, വിവിധ സെക്ഷൻ ഓഫീസുകളിൽ |

| | | | |
|---|---|---|---|
| | | | സൂക്ഷിച്ചിരുന്ന വൈദ്യുതവേലി നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് മൂന്ന് കിലോമീറ്റർ താൽക്കാലിക സൗരോർജ്ജ വേലി നിർമ്മിച്ചു വരുന്നുണ്ട്.സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ഇത് ഒരു താൽക്കാലിക പരിഹാരമായി വർത്തിക്കുന്നതാണ്. ഈ വിഷയത്തിൽ 24/02/2025 ൽ വിളിച്ചു ചേർത്ത സർവ്വ കക്ഷി യോഗത്തിൽ ആനമതിൽ നിർമ്മാണം അഞ്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ